എം.എൽ.എ മാരുടെ നിർദ്ദേശപ്രകാരമുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ്

90 (2803) ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടെ നിർദ്ദേശപ്രകാരം ഓരോ നിയോജക മണ്ഡലത്തിലും ഒരു കെ.എസ്.ആർ.ടി.സി. സർവീസ് ആരംഭിക്കാനുള്ള നടപടി അനുസരിച്ച് സംസ്ഥാനത്ത് എത്ര മണ്ഡലങ്ങളിൽ സർവ്വീസ് ആരംഭിച്ചു ;

(ബി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഏത് റൂട്ടിൽ സർവ്വീസ് അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(സി) എന്നാണ് ഈ ആവശ്യം ഉന്നയിച്ചത് ;

(ഡി) അതുപ്രകാരം ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(എഫ്) എന്നത്തേയ്ക്ക് സർവ്വീസ് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കക്കോടി-എരവണ്ണൂർ-നരിക്കുനി റൂട്ടിൽ സർവ്വീസ് അനുവദിക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

(സി) 1999 മെയ് മാസത്തിൽ.

(ഡി) 1999 ജൂണിൽ സർവ്വീസ് ആരംഭിച്ചു.

(ഇ &എഫ്) ചോദ്യം ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ട് ബസ്സുകൾ കഴുകിവൃത്തിയാക്കുന്നതിനുള്ള സംവിധാനങ്ങൾ

91 (2804) ശ്രീ. കെ. പി. വിശ്വനാഥൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇതിനായി കൂടുതൽ പേരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇവരെ എപ്രകാരം നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇവരെ നിയമിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly